# ഗവ.ഹയർ സെക്കന്ററി സ്കൂൾ
# അയിരൂപ്പാറ



# ലക്ഷ്യ

## അക്കാദമിക മാസ്റ്റർ പ്ലാൻ

**2025–2026**



# വിദ്യാലയ ചരിത്രം

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ അയിരൂപ്പാറ വാർഡിലെ ഗവ. എച്ച്. എസ്. എസ്. അയിരൂപ്പാറ സ്കൂളിന് അയിരൂപ്പാറയുടെ സാമൂഹിക സാംസ്കാരിക ജീവിതവുമായി വളരെ നിർണ്ണായകമായ ഒരു പങ്കാണ് ഉള്ളത്. ഈ വിദ്യാലയത്തിന് ഒരു നൂറ്റാണ്ടോളം പ്രായമുണ്ട്.

'കേശവൻ' എന്ന ഒരു അദ്ധ്യാപകൻ സ്ഥാപിച്ച കുടിപ്പള്ളിക്കൂടമാണ് ഇന്ന് ഗവ. ഹയർസെക്കൻഡറി സ്കൂളായി പരിണമിച്ചത്. ശ്രീ കേശവൻ വാർദ്ധക്യം ബാധിച്ചതോടെ 40 സെന്റും ഒരു കെട്ടിടവും ചേർന്ന് കുടിപ്പള്ളിക്കൂടം അണ്ടൂർക്കോണം സ്വദേശി ശ്രീ ഗോവിന്ദൻ പിള്ളയ്ക്ക് സൗജന്യമായി ഏൽപ്പിച്ചു. തുടർന്ന് നാട്ടുകാരുടെ സഹായത്തോടെ അദ്ദേഹം അവിടെ ഒരു പ്രൈമറി വിദ്യാലയം സ്ഥാപിച്ചു.

1940-കളിൽ പ്രത്യേക വിഭാഗത്തിനു മാത്രമുള്ള സ്കൂൾ എന്ന പദവി മാറ്റപ്പെട്ടിരുന്ന ഈ വിദ്യാലയം വെള്ളയമ്പലം ബിഷപ്പിന്റെ അധീനതയിലായിരുന്നു. കാലക്രമേണ ബിഷപ്പ് ഈ സ്കൂളിനെ നാട്ടുകാർക്ക് വിലയ്ക്കു കൊടുക്കുവാൻ തയ്യാറായി. അന്ന് സ്കൂളിൽ ഉണ്ടായിരുന്ന പത്ത് അദ്ധ്യാപകരും നാട്ടുകാരും ചേർന്ന് സ്കൂൾ വിലയ്ക്കുവാങ്ങി. 1957-ൽ സർക്കാരിനു സമർപ്പിച്ചതോടെ, സ്വകാര്യ സ്കൂൾ ആയിരുന്ന അയിരൂപ്പാറ സ്കൂൾ സർക്കാർ വിദ്യാലയമായി.

ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി പ്രൊഫ. ജോസഫ് മുണ്ടശ്ശേരി മാസ്റ്ററുടെ ദീർഘവീക്ഷണവും നാട്ടുകാരുടെ സമ്മർദ്ദവും മൂലം 1960-ൽ ഒരു യു പി സ്കൂൾ ആയി ഇത് ഉയർത്തപ്പെട്ടു. തുടർന്ന് 1980-ൽ നാട്ടുകാരുടെ പരിശ്രമത്തിന്റെ ഫലമായി യു. പി. സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു.

ഹൈസ്കൂളിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ പരമേശ്വരൻ നായരായിരുന്നു. തുടർന്ന് 2004 ജൂണിൽ അഷ്ടമിച്ചിറ ഗവ. ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു. ശ്രീമതി. എസ്. സരളദേവിയായിരുന്നു പ്രഥമ പ്രിൻസിപ്പാൾ. കാലക്രമേണ ഉന്നത വിദ്യാഭ്യാസ ചരിത്രമേഖലയിൽ ഈ വിദ്യാലയവും ഇതോടെ സ്ഥാനം പിടിച്ചു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം- സാക്ഷാത്കരിക്കാൻ കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ആരോഗ്യകരമായ മത്സരത്തിലൂടെ മുന്നേറിക്കൊണ്ടിരിക്കുകയാണ്. ആ മുന്നേറ്റത്തിൽ അവർക്ക് ലഭ്യമായിരിക്കുന്ന ഒരു പൊൻതൂവലാണ് അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കുക എന്നത്. കർമ്മോത്സുകരായ അധ്യാപകർക്ക് കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ, കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ഇതിലൂടെ സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ആ വിദ്യാലയത്തിലെ ലഭ്യമായ വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുമ്പോൾ ഏറ്റവും മികച്ച അധ്യയനം അവിടത്തെ കുട്ടികൾക്ക് ലഭ്യമാകുന്നു. സമൂഹത്തിലെ മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി അവരിലൂടെ ഒരു നാടു തന്നെ പുരോഗതിയിലേക്ക് കുതിക്കപ്പെടുകയാണ് ചെയ്യുന്നത്. നമ്മുടെ പൊതുവിദ്യാലയങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ സമൂഹം അറിയേണ്ടതും ആ പ്രവർത്തനങ്ങൾക്ക് ഗുണമേന്മ ഉറപ്പുവരുത്തേണ്ടതും അത്യാവശ്യമാണ്. ഇവിടെയാണ് 'അക്കാദമിക് മാസ്റ്റർ പ്ലാൻ' എന്ന മാസ്റ്റർ ആശയം പ്രധാനപ്പെട്ടതായി മാറുന്നത്. നമ്മുടെ പൊതുവിദ്യാലയങ്ങൾ മികവു നിലയിലേക്ക് എത്തിച്ചേരണം എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യം വയ്ക്കുന്നത്. അതിനുവേണ്ടിയുള്ള പ്രധാന മാർഗരേഖയാകണം അക്കാദമിക് മാസ്റ്റർ പ്ലാൻ.

# കാഴ്ചപ്പാട്

തിരുവനന്തപുരം ജില്ലയിലെ തന്നെ ഒരു സാംസ്കാരിക കേന്ദ്രമായ അയിരൂപ്പാറ പ്രദേശത്തിന്റെ സാംസ്കാരിക കേന്ദ്ര മുഖമുദ്രയാണ് അയിരൂപ്പാറ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ. പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെയും വെമ്പായം ഗ്രാമപഞ്ചായത്തിന്റെയും തിരുവനന്തപുരം കോർപ്പറേഷന്റെയും സംഗമസ്ഥാനത്താണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. പോത്തൻകോട് പ്രദേശത്തിന്റെ പൗരാധികരംഗങ്ങളിൽ അയിരൂപ്പാറയ്ക്കും നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ വിദ്യാലയത്തിനും സമാനതകളില്ലാത്ത പ്രാധാന്യമുണ്ട്. ധാരാളം ബുദ്ധവിഹാരങ്ങൾ നിറഞ്ഞു നിന്നിരുന്ന ഒരു പ്രദേശത്തിന്റെ ചില അവശേഷിപ്പുകൾ ഇവിടെ ഇപ്പോഴും അങ്ങിങ്ങായി ദർശിക്കാൻ കഴിയും. നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു ഗ്രന്ഥശാലയും കഥകളിയുൾപ്പെടെയുള്ള കലാരൂപങ്ങൾക്ക് ലഭ്യമാകുന്ന പ്രോത്സാഹനവും ആസ്വാദകരും ഈ അയിരൂപ്പാറ പ്രദേശത്തിന്റെ പൗരാധികതയുടെ നിദർശനങ്ങളാണ്. ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിച്ചിട്ടുള്ള ഒട്ടനവധി സംഭവങ്ങൾക്കും പരിവർത്തനത്തിന്റെ കാറ്റുവീശിയ ധാരാളം സാമൂഹിക സാംസ്കാരിക സംരംഭങ്ങൾക്കും ബീജാവാപം നടന്നത് ഈ കലാലയത്തിന്റെ മണ്ണറകളിലായിരുന്നു. ഗതകാലസ്മൃതികളിൽ ഇപ്പോഴും ആലസ്യത്തോടെ തലയുയർത്തി നിൽക്കുന്ന ആൽമരവും ചരിത്രപ്രാധാന്യമുള്ള 'മടവൂർപ്പാറ' ഗുഹാക്ഷേത്രവും ബുദ്ധമതക്കാർ ഏറെയുണ്ടായിരുന്ന 'മഠത്തിൽ കുളങ്ങര'യും അയിരൂപ്പാറയുടെ സവിശേഷതകളാണ്.

പോത്തൻകോട് പഞ്ചായത്തിലെ ഏക സർക്കാർ ഹയർ സെക്കന്ററി സ്കൂളാണ് അയിരൂപ്പാറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ. പ്രീ പ്രൈമറി മുതൽ

ഹയർസെക്കന്ററി തലം വരെ വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠനം നടത്തുന്നു. വിവിധ വിഭാഗങ്ങളിലായി അധ്യയനം നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം ഇവിടെ കൊടുക്കുന്നു.

പ്രീപ്രൈമറി വിഭാഗം — 33

എൽ.പി വിഭാഗം — 156

യു.പി വിഭാഗം — 237

എച്ച്.എസ് വിഭാഗം — 368

എച്ച്.എസ്.എസ് വിഭാഗം — 256

അധ്യാപകർ :

പ്രീപ്രൈമറി വിഭാഗം — 2

എൽ.പി വിഭാഗം — 7

യു.പി വിഭാഗം — 10

എച്ച്.എസ് വിഭാഗം — 17

എച്ച്.എസ്.എസ് വിഭാഗം — 12

തികച്ചും ഗ്രാമീണാന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. 'കേശവൻ' എന്ന മഹാനുഭാവൻ സ്ഥാപിച്ച കുടിപ്പള്ളിക്കൂടം പിന്നീട് അയിരൂപ്പാറ നാട്ടുഭാഷാ വിദ്യാലയമായും തുടർന്ന് അയിരൂപ്പാറ യു.പി. സ്കൂളായും മാറ്റപ്പെട്ടു. നാട്ടുകാരുടെയും അഭ്യുദയകാംക്ഷികളുടെയും

നിരന്തരമായ ശ്രമഫലമായി 1980-ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 2004 ൽ ഹയർസെക്കന്ററി വിഭാഗം പ്രവർത്തനം ആരംഭിച്ചതോടെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ ഏക ഹയർസെക്കന്ററി സ്കൂളായി നമ്മുടെ സ്കൂളും ചരിത്രത്തിൽ ഇടം പിടിച്ചു.

പഠന-പാഠ്യേതരരംഗങ്ങളിൽ സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് ഈ സ്കൂൾ കൈവരിച്ചിട്ടുള്ളത്. സാമ്പത്തികമായി ഏറെ പിന്നാക്കം നിൽക്കുന്ന കുടുംബ പശ്ചാത്തലത്തിൽ നിന്നും വരുന്ന വിദ്യാർത്ഥികളാണ് ഇവിടെയുള്ളത്.

അക്കാദമിക് രംഗത്തെ പ്രശംസനീയ നേട്ടങ്ങൾക്കു പിന്നിൽ ഇവിടുത്തെ അധ്യാപകരുടെയും P.T.A യുടെയും SMC യുടെയും മറ്റ് വിദ്യാലയ ഏജൻസികളുടെയും കൂട്ടായ ശ്രമമാണ്. റെമഡിയൽ ടീച്ചിംഗ്, അക്ഷര ക്ലാസ്സുകൾ, നവപ്രഭ, മലയാളത്തിളക്കം, ഗണിതം മധുരം തുടങ്ങിയ പ്രവർത്തനങ്ങൾ ഇവിടെ വളരെ സജീവമായി നടന്നുവരികയാണ്. നൂറുശതമാനം വിജയം കൈവരിക്കുക എന്ന സ്വപ്നതുല്യമായ നേട്ടത്തിനായി വിട്ടുവീഴ്ചയില്ലാത്ത കർമ്മ പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നത്. സംസ്ഥാന സ്കൂൾ കലോത്സവ മത്സരങ്ങളിൽ തിളക്കമാർന്ന വിജയം നേടിയ അനേകം വിദ്യാർത്ഥികളെ സൃഷ്ടിച്ച ഈ വിദ്യാലയത്തിന് സംസ്ഥാന-ദേശീയതലത്തിൽ ശ്രദ്ധേയരായ കായിക പ്രതിഭകളെയും സമ്മാനിക്കാൻ കഴിഞ്ഞിട്ടുണ്ട്. ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര മേളകളിൽ നമ്മുടെ ഈ വിദ്യാലയം സജീവ സാന്നിദ്ധ്യമായി നിലകൊള്ളുന്നു. വൈവിധ്യമാർന്ന ക്ലബ് പ്രവർത്തനങ്ങൾ, സ്കൗട്ട് യൂണിറ്റുകൾ, SPC യൂണിറ്റുകൾ, ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ

എന്നിവയുടെ സജീവമായിട്ടുള്ള ഇടപെടലുകൾ സ്കൂളിന്റെ യശസ്സ് ഉയർത്തുന്നു.

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത ഗുരുതരമായി അനുഭവിക്കുന്ന ഒരു സ്കൂളാണിത്. പണി നടന്നുകൊണ്ടിരിക്കുന്ന ഇരുനില കെട്ടിടത്തിന്റെ പണികൾ പെട്ടെന്നു പൂർത്തിയാക്കി ക്ലാസ്സ് റൂമുകളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടത് ഏറ്റവും അത്യാവശ്യമായ കാര്യമാണ്. ഒരു 'മൾട്ടിപർപ്പസ് സ്റ്റേഡിയം' ലഭ്യമായാൽ കായികരംഗത്ത് ഒരു വൻ കുതിച്ചുചാട്ടം നടത്താൻ കഴിയുമെന്ന പ്രത്യാശയിലാണ് ഇവിടുത്തെ അധ്യാപകരും കുട്ടികളും. പൊതുവിദ്യാഭ്യാസ സംരക്ഷ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ഹൈടെക് ക്ലാസ്സ്മുറികൾ എല്ലാ ക്ലാസുകളിലും ലഭ്യമാക്കേണ്ടതുണ്ട്. ഉച്ച-ഭക്ഷണം വിളമ്പുന്നതിനും കുട്ടികൾക്ക് സൗകര്യമായിരുന്ന് കഴിക്കുന്നതിനും ഡൈനിംഗ് ഹാൾ, റഫറൻസ് ലൈബ്രറി ഇവയൊക്കെത്തന്നെ മെച്ചപ്പെട്ട രീതിയിൽ സജ്ജീകരിക്കേണ്ടതുണ്ട്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ലക്ഷ്യമാക്കി ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾക്കും കർമ്മ പദ്ധതികൾക്കും ഈ മാസ്റ്റർ പ്ലാനിൽ ഇടം നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെയും, ജില്ലാ-ഗ്രാമ പഞ്ചായത്തു-കളുടെയും, PTA, SMC തുടങ്ങിയ ഏജൻസികളുടെയും നാട്ടുകാരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും കൂട്ടായ പരിശ്രമങ്ങൾ ഈ ഗ്രാമീണ വിദ്യാലയത്തിന്റെ വരും നാളു-കളിലെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുമെന്ന് പ്രത്യാശിക്കുന്നു.

# വിദ്യാലയം - മികവിന്റെ കേന്ദ്രം.

* പഠന - പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
* പെൺകുട്ടികളുടെ പഠനവും അവസര തുല്യതയും സംബന്ധിച്ച കാഴ്ചപ്പാട്.
* ഭിന്നശേഷി വിഭാഗക്കാരായ കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്ന വിവിധ കർമ്മപദ്ധതികൾ.
* പരിസ്ഥിതിയും പരിസരവും സംരക്ഷിക്കുന്ന ഹരിത വിദ്യാലയത്തിന്റെ ഭാഗമാകുക.
* പൂർണ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്.
* പഠനത്തെയും വിലയിരുത്തലിനെയും കുറിച്ചുള്ള കാഴ്ചപ്പാട്.
* പാർശ്വവത്കരിക്കപ്പെട്ടവർക്ക് പഠന പിന്തുണ നൽകുന്നത് സംബന്ധിച്ചുള്ള കാഴ്ചപ്പാട്.
* ലോകത്തെവിടെയും സമാന പ്രായത്തിലുള്ള കുട്ടികൾ ആർജ്ജിക്കുന്നതിനെക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നു എന്ന് ഉറപ്പാക്കൽ.
* അധ്യാപക ശാക്തീകരണം സംബന്ധിച്ച കാഴ്ചപ്പാട്.
* കുട്ടികളിൽ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നത് സംബന്ധിച്ചുള്ള കാഴ്ചപ്പാട്.
* ഭാഷ, സംസ്കാരം ഇവ സ്വായത്തമാക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കൽ.

* ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വിവര സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പുതിയൊരു ലോകത്തേക്ക് ഉണർത്തിച്ചേർക്കുക എന്ന കാഴ്ചപ്പാട്.

* 'വായന മരിക്കുന്നില്ല' എന്നും അക്ഷരങ്ങളുടെ സഹയാത്രികരാകാനും സർഗ്ഗാത്മകതയുടെ പുതിയ മേച്ചിൽപ്പുറങ്ങളിൽ സ്വച്ഛന്ദം വിഹരിക്കാനുള്ള ബോധവും സ്വാതന്ത്ര്യവും സംജാതമാക്കുക എന്ന കാഴ്ചപ്പാട്.

* രക്ഷിതാക്കളുടെ അക്കാദമിക പിന്തുണ സംബന്ധിച്ച കാഴ്ചപ്പാട്.

* പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥി-കളോടുള്ള സമീപനം സംബന്ധിച്ച ധാരണ.

* പാരിസ്ഥിതിക അവബോധം സംബന്ധിച്ച കാഴ്ചപ്പാട്

* കല- കായിക- ആരോഗ്യ വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള കാഴ്ചപ്പാട്.

* ലിംഗ- വിവേചന രഹിതമായ വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള കാഴ്ചപ്പാട്.

* വിദ്യാലയാന്തരീക്ഷം ശിശു- സൗഹാർദ്ദപരമാക്കുന്നത് സംബന്ധിച്ച കാഴ്ചപ്പാട്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

'ഇരുത്തം നന്നായാലേ പഠിത്തം നന്നാകൂ' എന്ന ചൊല്ലുപോലെ ഭൗതിക ഉപാധികളിലൂടെ പഠനം മുന്നോട്ടുപോകുക ഉള്ളൂ. ഒരു കുട്ടിയുടെ സർവതോന്മുഖമായ വികസനത്തിന് അവന്റെ ഭാഷാശേഷി വികസിക്കേണ്ടതും വളരേണ്ടതും അനിവാര്യമാണ്; അതിന് വേണ്ട ഇടവും വളവും ലഭിക്കേണ്ടത് സ്കൂളുകളിൽ നിന്നാണ്.. വിദ്യാലയങ്ങൾ അവന്റെ പോഷണശാലകളാകട്ടെ... അവന്റെ വളർച്ചയും വിളർച്ചയും കണ്ടറിഞ്ഞ്.. കൈത്താങ്ങാൻ വിദ്യാലയങ്ങൾക്കാകണം; എങ്കിൽ മാത്രമേ കരുത്തുറ്റ കഴിവുറ്റ സ്നേഹസമ്പന്നരായ ഉത്തമ തലമുറ സാധ്യമാകൂ....

# അക്കാദമിക മാസ്റ്റർ പ്ലാൻ

## എൽ. പി. വിഭാഗം

മേഖല - അക്കാദമികം.
ഉപമേഖല - ഇംഗ്ലീഷ്

Std-1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | (1) കാർട്ടൂൺപ്രദർശനം സിനിമാപ്രദർശനം | ജൂൺ ആദ്യ വാരം | SRG CPTA | SSA |
| | (2) റീഡിംഗ് കാർഡ് | | | |
| | (3) Riddles | മാസത്തിൽ ഒരിക്കൽ | class teacher | |
| | (4) Puzzles | | | |
| | (5) word games | | | |
| | (6) Picture cards | | | |

മേഖല – അക്കാദമികം
ഉപമേഖല – ഗണിതം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാ |
| --- | --- | --- | --- | --- |
| കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1. ഗണിത മാഗസിൻ | ജൂൺ - മാർച്ച് | SRG | |
| | 2. ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിന ക്യാമ്പ് | സെപ്തംബർ | ക്ലാസ് ടീച്ചർ | |
| | 3. ഗണിത ക്യാമ്പ് ഗണിതപ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം
ഉപമേഖല : ഭാഷ
ക്ലാസ്സ് : 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ലേഖന വികാസ് | 1. ചുമരെഴുത്തും കുത്തും പത്ര രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ | ഒക്ടോബർ<br>നവംബർ | SRG<br>SMC<br>ക്ലാസ്സുകൾ<br>മദർ.പി.ടി.എ<br>സ്റ്റാഫ് | S ഞ ഇ<br>മദർ<br>പി.ടി.എ |
| | 2. പത്രപതിപ്പുകൾ തയ്യാറാക്കൽ | ഡിസംബർ | | |
| സർഗ്ഗാത്മകതയെ തട്ടിയുണർത്താം. | 3. രചനാശില്പശാല കഥ, കവിത, രചനകൾക്കുള്ള വേദി ഒരുക്കൽ. | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>കുട്ടികൾ<br>പൂർവ്വവിദ്യാ-ർത്ഥികൾ | SRG<br>SMC |

STD: 2

# Academic master Plan English

**Aim** : To speak, Read & write English without any mistakes

**Time** : June, July, August

**June** : Pretest

: To develop listening skills & reading skills first

Listening skills, Games, Action songs Hello English activities, conversations Skit Stories, Use ICT

Speaking skills, Descriptions, growing Sentences, Picture reading picture Description Self introduction Assembly activities - speech, book review, Quiz riddles self introduction School radio etc.

July, August

Reading skills News paper reading, library books reading book review reading breaking news find words collect and read past tense, rhyming words describing words etc

Writing Skills : make word web, picture description, word chain sentence chain, make words & sentences make riddles, conversations Add more lines, develop story description, notice, Proclamation, diary letter Announcement, magazines.

Maths

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി, കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം | SRG Class Tr | SSA |
| | ഗണിത ക്ലബ് (ഗണിത, കളികളിലൂടെ | മാസത്തിൽ ഒന്ന് വീതം | | |

June — 1, 2, 3, 4
1, 3, 5, 7
10, 20, 30, 40
2, 4, 6, 8 തുടങ്ങിയ
പാറ്റേണുകളിലെ
സംഖ്യാബോധം കണ്ടെത്തൽ

July — ഒരു കൂട്ടം വസ്തുക്കളോട്
അതേ ഇനത്തിൽ പെട്ട
മറ്റൊരു കൂട്ടം വസ്തുക്കൾ
ചേർത്ത് അവ കൂട്ടത്തിന്റെ
തുടർച്ചയായി എണ്ണി അതെ
എണ്ണം പറയൽ

August : വിവിധ പാറ്റേൺ രൂപീ
കരിക്കൽ

September — ഗണിതത്തിലെ സാധന
ങ്ങൾ നിരന്തരം പ്രയോഗിച്ച്
പ്രശ്നം പരിഹരിക്കൽ

October — ആശയസംഖ്യകൾ ഉൾക്കൊള്ളുന്ന
പ്രായോഗിക പ്രശ്നങ്ങൾ നിർധാര
ണം ചെയ്യുന്നു.

നവംബർ :- സ്ഥാനവില തിരിച്ചറിയൽ

December — സംഖ്യാബോധം
തിരിച്ചറിവിൽ — സംഖ്യ
വ്യാഖ്യാനം ഉറപ്പാക്കൽ

ജനുവരി — വിലവിവരപ്പട്ടിക
തയ്യാറാക്കൽ

ഫെബ്രുവരി — ഗണിതാശയങ്ങൾ മനസ്സിലാ
ക്കാൻ ഇടവേളകളിൽ ഉല്ലാസ
ഗണിതം ഉപയോ
ഗിച്ച്

മാർച്ച് — കലണ്ടർ പതിപ്പ്
തയ്യാറാക്കൽ

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

ക്ലാസ്സ് : 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | * ശുചിത്വ സർവ്വേക്ലാസ്സുകൾ<br>* പോസ്റ്റർ രചനാമത്സരം<br>* അവതരണങ്ങൾ | ജൂൺ-ജൂലൈ | Class Tr<br>SRG<br>SMC | SMC |
| പ്രകൃതിയെ അറിയാൻ | * പ്രകൃതി നടത്തം കാഴ്ചബംഗ്ലാവിലേക്ക്<br>* കാണാകാഴ്ചകൾ | സെപ്തംബർ ഡിസംബർ | Trs<br>SRG<br>SMC | |
| നാടറിയാൻ-നാട്ടറിവുകൾ | | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

മേഖല: അക്കാദമികം
വിഷയം: മലയാളം
ക്ലാസ്: III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം. | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം.<br>2) പുസ്തക ശേഖരണവും പ്രദർശനവും<br>3) ചിത്ര ഗ്യാലറി | ജൂൺ ഡിസംബർ<br>ജനുവരി | അധ്യാപകർ SMC<br>മദർ പി.ടി.എ ക്ലാസുകൾ | SMC<br>SMC |
| വായനാ പോഷണം. | (1) പൊതു സമൂഹവുമായി ബന്ധപ്പെട്ട പുസ്തക ശേഖരണം | നവംബർ | വായനശാല SMC | ക്ലബ്ബ് SMC SRG |

| | | | | |
|---|---|---|---|---|
| | 2) വായനാക്കുറി<br>3) നാട്ടുവായന – പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്റ്റ് | ക്ലബ്ബുകൾ | വായനശാല |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകൽ ടി.പി.ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ഒക്ടോബർ നവംബർ | SRG കൺവീനർ | PTA ഫണ്ട് |
| ഉചിതമായ വ്യവഹാരരൂപങ്ങൾ തിരിച്ചറിയുക | | | | |

| Number | Aim | Activities | Period | Duty Assign. |
| --- | --- | --- | --- | --- |
| 1. | | Arrange class readers corner (collection of reading materials) | May | S.R.G |
| 2. | Identify the nature of student and gave more activities to empower English language | Consider the performa (My Child)<br>Give suitable activities continues evaluation. | June to March | Students<br>Teacher. |
| 3. | Sing the poems and Rhyme Rhythemically. | Add more lines.<br>Make rhyme. | June - March. | Students<br>Teacher |
| 4. | Creative Reading. | Text book reading<br>Library books reading | June - March | Students<br>Teacher. |
| 5 | Listen to the instructions and acts accordingly | Dialogue making<br>Charecter Presentation | June<br>July | Students<br>Teacher |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

ക്ലാസ് : III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പു തയ്യാറാക്കൽ | ജൂൺ ജൂലൈ | | |
| പ്രകൃതിവിഭവ സംരക്ഷണം | ജൈവ-വൈവിധ്യപാർക്ക് തടയണ, മഴക്കുഴിനിർമ്മാണം ജലസ്രോതസ്സുകൾ | ജൂലൈ ഡിസംബർ | | |

| | | കാലയളവ് | ചുമതല |
|---|---|---|---|
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം പരീക്ഷണം വീടിനകത്തും ശാസ്ത്രമാസികകൾ | | HM<br>CPTA |
| നിരീക്ഷണം - അറിവു നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>SRG |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ | സയൻസ് പാർക്ക് | | |

3.10.3 ഗണിതം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | | ഗണിതലാബ് സജ്ജീകരിക്കൽ | മെയ് | ഹെഡ്, ആർ.ജി |
| 2. | ഗണിത രൂപങ്ങൾ ചേർത്തുവെച്ച് വിവിധ പാറ്റേണുകൾ നിർമിച്ച് അതിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിന്. | വ്യക്തിഗത പ്രവർത്തനം. വിലയിരുത്തൽ വിനോദം നിൽക്കുന്ന പഠിതാവിന്റെ വിവിധ ബുദ്ധിയുടെ തലം വിലയിരുത്തൽ. | ജൂൺ | കുട്ടികൾ, അധ്യാപകർ |
| 3. | കുട്ടികളുടെ പ്രകൃതം തിരിച്ചറിഞ്ഞ് ഗണിതവസ്തുതകൾ നൽകിക്കൊണ്ട് ഗണിതശേഷി വികാസം. | എന്റെ കുട്ടി എന്ന വിലയിരുത്തൽ പേജിൽ രേഖപ്പെടുത്തൽ നടത്തുന്നു. | ജൂലൈ മാർച്ച്. | അധ്യാപകർ. |
| 4. | ഗണിതത്തിൽ താത്പര്യം ജനിപ്പിക്കുന്നതിനും യുക്തിചിന്ത ഉണർത്തി ഗണിത പഠനം ആസ്വാദ്യകരമാക്കുന്നതിന്. | ഗണിത ക്ലബ്ബ്. സന്ദർഭാനുസരണം ക്ലാസ്സ് തലത്തിൽ അവതരിപ്പിക്കൽ | ജൂൺ മാർച്ച് | കുട്ടികൾ അധ്യാപകർ. |

| | | | | |
|---|---|---|---|---|
| 5. | ഗണിതത്തിലെ സംഖ്യാ വ്യാഖ്യാനവും ഗണിത ക്രിയാ രീതികളും നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുന്നതിന്. | പേ സ്ലിപ്പ് നോക്കി മനസ്സിലാക്കൽ. | ജൂലൈ | കുട്ടികൾ രക്ഷിതാക്കൾ അധ്യാപകർ |
| 6. | ഗണിതത്തിലെ നിർമ്മാണപ്രവർത്തനങ്ങൾ തിരിച്ചറിയുന്നതിനു വേണ്ടിയും പഠിതാക്കളുടെ കൃത്യത, വേഗത എന്നിവ വർദ്ധിപ്പിക്കുന്നതിനും. | ഗണിത പഠനോപകരണ നിർമ്മാണപ്രവർത്തനം. പ്രദർശനം | ഓഗസ്റ്റ്. | കുട്ടികൾ രക്ഷിതാക്കൾ ഗണിതജ്ഞർ |
| 7 | പാറ്റേൺ പൂർത്തിയാക്കാം. ക്രമത്തിലാക്കാം. | വിവിധ സംഖ്യാപാറ്റേൺ പൂർത്തിയാക്കൽ. സംഖ്യകൾ ആരോഹണ അവരോഹണക്രമത്തിലാക്കൽ | സെപ്തംബർ. | കുട്ടികൾ അധ്യാപകർ. |

SHENBAGAM

Date : ______ Page No.: ______

GHSS Ayiroopara



# Academic Masterplan. STD: IV English

| Aim | Activity | Activity in Detail | Support System | Timeline |
|---|---|---|---|---|
| To give maximum opportunity to listen english language. | • listening news | • Listen to daily news. | class Tr | Twice in a week |
| | • listening stories | • Tr and children tell stories in the class. | Tr and children. | Once in a week. |
| | • watching movies and cartoons. | • Give opportunity to watch english movies and cartoons. | PTA SMC SRG | Once in a week |
| | • performing Action songs. | • After hearing simple rhymes children perform action songs. | class Tr SRG | Once in a week. |
| | • use of ICT | • With the help of ICT give maximum chance to listen english language. | PTA SMC | Twice in a week. |

GHSS Ayiroorppara

# അക്കാദമിക് മാസ്റ്റർപ്ലാൻ. STD: IV

മലയാളം

| ലക്ഷ്യം | പ്രവർത്തനം | പ്രവർത്തന വിശദീകരണം | പിന്തുണ സംവിധാനം | സമയക്രമം |
| --- | --- | --- | --- | --- |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീ-ടെസ്റ്റ് | പ്രീ-ടെസ്റ്റ് നടത്തൽ. പഠനവിടവ് നികത്താനുള്ള കുട്ടികളെ കണ്ടെത്തൽ. | SRG ക്ലാസ് ടീച്ചർ | ജൂൺ 2 മുതൽ 5 വരെ. |
| | • രചനാപ്രോജക്ട് | → അക്ഷരങ്ങൾ, അടയാളങ്ങൾ ഉറപ്പിക്കുന്നതിനുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ | SRG ക്ലാസ്ടീച്ചർ | ജൂൺ മുതൽ ഒക്ടോബർ വരെ |
| | • ഭാഷാകാർഡുകളുടെ നിർമാണം | → അക്ഷരകാർഡ് / പദകാർഡ് / പദസൂര്യൻ തുടങ്ങിയവയുടെ നിർമാണം. | SRG PTA | ജൂൺ-നവംബർ |
| | • ഭാഷാക്കളി | → സ്വന്തമായി വാക്യങ്ങൾ നിർമിക്കുന്നതിനുള്ള വൈവിധ്യമാർന്ന അവസരങ്ങൾ | SRG ക്ലാസ്ടീച്ചർ | ആഗസ്റ്റ്-ഡിസംബർ |
| | • കഥാപൂരണം-കവിതാപൂരണം | → കഥകളും കവിതകളും പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ. | SRG PTA | ഡിസംബർ-ഫെബ്രുവരി |

| ലക്ഷ്യം | പ്രവർത്തനം | പ്രവർത്തന വിശദീകരണം | സമയക്രമം | സഹായിയാവാം |
|---|---|---|---|---|
| • കുട്ടികളിലെ സർഗ്ഗാത്മക- ശേഷി വികസി- പ്പിക്കുക. | • സർഗാത്മക- ഡയറി | • കുട്ടികളുടെ ദിനാനുഭവങ്ങൾ സർഗാത്മകമായി രേഖപ്പെടുത്തുന്നു. ആഴ്ചയിൽ 2 ദിവസം. | ജൂൺ- ഫെബ്രുവരി | ടീച്ചർ രക്ഷിതാക്കൾ |
| | • വ്യവഹാരരൂപ- ങ്ങളിൽ.... | • കുട്ടികൾ തങ്ങളുടെ അനുഭവങ്ങ- ളെയും കണ്ട കാഴ്ചകളെയും സർഗാത്മകമായി, വ്യത്യസ്ത വ്യവ- ഹാരരൂപങ്ങളിൽ (കഥ, കവിത, ഓർമക്കുറിപ്പ്, അനുഭവവിവരണം, ചിത്രം....) അവതരിപ്പിക്കുന്നു. | ജൂൺ- ഫെബ്രുവരി | ടീച്ചർ PTA |
| | • കാവ്യാവിഷ്- കാരം | • കവിതകളുടെ / പാട്ടുകളുടെ ആശയം തിരിച്ചറിഞ്ഞ് അവയെ വ്യത്യസ്ത രൂപങ്ങളിൽ അവതരി- പ്പിക്കുന്നു. (ചിത്രീകരണം, അഭിനയം ....) | ജൂലൈ- ഫെബ്രുവരി | ടീച്ചർ രക്ഷിതാവ് |
| | • വായ്ത്താരികൾ ശേഖരിക്കൽ | • വ്യത്യസ്ത വായ്ത്താരികൾ ശേഖരി- ക്കൽ, സമാന താളത്തിലുള്ള കവിതകളുമായി ബന്ധപ്പെടുത്തി വായ്ത്താരികൾ അവതരിപ്പിക്കൽ | ജൂൺ- ഫെബ്രുവരി | ടീച്ചർ രക്ഷിതാവ് |
| | • കൈയ്യെഴുത്തു- മാസിക നിർമ്മാ- ണം. | • കുട്ടികളുടെ സ്വതന്ത്രരചനകൾ ഉൾപ്പെടുത്തി കൈയ്യെഴുത്തു- മാസിക നിർമ്മിക്കൽ. | ജനുവരി | ടീച്ചർ രക്ഷിതാവ് SRG |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് 4 ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം (1-1000 സംഖ്യകൾ എണ്ണുന്നു, എഴുതുന്നു | നറുക്കെടുക്കാം. | * സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>* കിട്ടിയ സംഖ്യ വായന<br>* കിട്ടിയ സംഖ്യ എഴുതൽ | 1 ആഴ്ച |
| | 10 ചങ്ങാതിമാർ | * സംഖ്യ നറുക്ക് എടുക്കുന്നു<br>* കിട്ടിയ നറുക്കിലെ സംഖ്യ വായിച്ചശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ |
| | പാറ്റേൺ പൂർത്തിയാക്കാം | * വിവിധ സംഖ്യാ പാറ്റേൺ പൂർത്തിയാക്കൽ | June - Sep. |
| | ക്രമത്തിലാക്കാം | * വ്യത്യസ്ത സംഖ്യകൾ നൽകുന്നു<br>* ആരോഹണ, അവരോഹണ ക്രമത്തിലെഴുതൽ | June, August |
| മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം | * ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാൻ<br>* കളിനോട്ടുകൾ ഉപയോഗിച്ച് 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റൽ | June |
| | സംഖ്യാസ്തൂപം | * ഓരോ കുട്ടിയും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം | |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| | | * ഗ്രൂപ്പായി തിരിഞ്ഞ് ഓരോയിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച |
| | ക്രമീകരിക്കാം | * സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ക്രമീകരിക്കൽ | June, sep. |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ. | ക്ലാസിൽ ഒരുക്കുന്ന കട/ കളിവട കണക്ക് | * കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി etc. ചേർത്ത് അവയ്ക്ക് വില നല്കി കട ക്രമീകരിക്കുന്നു.<br>* തൂക്കം, അളവ് പാഠങ്ങൾ ക്രമീകരിക്കുന്നു<br>* ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>* കളിനോട്ട് ഉപയോഗപ്പെടുത്തി കളിവടകൾ ഒരുക്കുന്നു.<br>* സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>* പ്രശ്നങ്ങൾ ഗ്രൂപ്പിൽ/അധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | february |
| | സമയചക്രം | * Black & white chart ഉപയോഗിച്ച് സമയ ചക്രം തയ്യാറാക്കുന്നു. (am/pm)<br>* സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നപരിഹാരത്തിന് ഉപയോഗപ്പെടുത്തുന്നു. | July |

# അക്കാദമിക് മാസ്റ്റർപ്ലാൻ ക്ലാസ് 4 പരിസരപഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതിനടത്തം | * ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ, പ്രത്യേകതകൾ മനസിലാക്കൽ<br>* വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയൽ<br>* ജീവികളുടെ പരസ്പരാശ്രയത്വം, ചർച്ച<br>* ചുറ്റുമുള്ള മലിനീകരണ പ്രശ്നങ്ങൾ അനുഭവിച്ചറിയൽ, സ്വയം തിരുത്തൽ<br>* പ്രകൃതിക്കു ഭീഷണിയാകുന്ന മനുഷ്യരുടെ ഇടപെടൽ തിരിച്ചറിയൽ - ബോധവത്കരണം | ജൂൺ - ഒക്ടോബർ |
| | പൂന്തോട്ടം ഒരുക്കാം | * സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>* വീട്ടിൽ പൂന്തോട്ടം ഒരുക്കൽ | ജൂൺ - ഫെബ്രുവരി |
| | ഒരു തൈ നടാം | * പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ - പരിപാലിക്കൽ | ജൂൺ - ജനുവരി |
| | പോസ്റ്റർ നിർമ്മാണം | * പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ - പരിസരങ്ങളിൽ പതിക്കൽ | ജൂൺ |
| | ദാഹജലം | * പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം ഒരുക്കൽ | മാർച്ച് മെയ് |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തനവിശദീകരണം | കാലയളവ് |
|---|---|---|---|
| വ്യക്തിശുചിത്വവും പരിസരശുചിത്വവും | ദിനകൃത്യങ്ങൾ | * ഓരോ ദിവസവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>* കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഓരോ ദിവസത്തെയും പരിശോധനാ ചുമതല ഗ്രൂപ്പിന് നൽകുന്നു. | ജൂൺ - മാർച്ച്. |
| | നമ്പർ വൺ | * ക്ലാസ് തലത്തിൽ ശുചിത്വമത്സരം<br>* വ്യക്തിശുചിത്വം, ക്ലാസ്റൂം, പരിസരശുചിത്വം വിലയിരുത്തി മാർക്ക് നൽകൽ | ജൂലൈ മാർച്ച് |
| | പരിസര നടത്തം | * നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം<br>* മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം<br>* പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | ജൂൺ - ഫെബ്രുവരി |
| | നല്ലശീലം. | * പോസ്റ്റർ നിർമ്മാണം<br>* ബോധവത്കരണം | ജൂലൈ - മാർച്ച് |
| ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തൽ. | ഫീൽഡ് ട്രിപ്പ് | * നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി feild trip സംഘടിപ്പിക്കുന്നു<br>[കുളം, വയൽ, കാട് etc ...] | ജനുവരി - ഫെബ്രുവരി |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| | പരീക്ഷണങ്ങൾ | * ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ ഫെബ്രുവരി |
| | ശാസ്ത്രജ്ഞനോടൊപ്പം | * ശാസ്ത്രജ്ഞരുമായി അഭിമുഖം<br>* ശാസ്ത്ര ക്ലാസ് | |
| | പക്ഷിനിരീക്ഷണം | * പക്ഷിനിരീക്ഷണം, പ്രത്യേകതകൾ കണ്ടെത്തൽ<br>* ICT പ്രയോജനപ്പെടുത്തൽ | ഒക്ടോബർ - ഫെബ്രുവരി |
| | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു. പി. വിഭാഗം.

Std: 5 Malayalam

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ആശയ സംവിനിമയം നടത്താനും അവയിലൂടെ അനുഭവങ്ങൾ പഠനസമയത്ത് വളർത്താനും പങ്കിടുന്ന വിവിധ വ്യവഹാര- കൃതികളെ പ്രാപ്തരാക്കുന്നതിലൂടെ | | June | Mal: trs |
| | കവിതകൾ, കഥകൾ, ഗാനങ്ങൾ കേട്ടും വായിച്ചും ആസ്വദിക്കുന്നു Library ICT സഹായത്തോടെ | June | Mal: trs |
| | പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം (വായനാ card) | | |
| അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുന്നു | ക്ലാസ് Library സഹായത്തോടെ കഥകൾ ഉറക്കെ വായിക്കുന്നു | | |
| | പത്രം, മാസിക, ആഴ്ചപ്പതിപ്പ് എന്നിവ വായിച്ച് ഉച്ചാരണ ശുദ്ധി വരുത്തുന്നു | എല്ലാ ദിവസം | " |
| | അതത് മാസത്തെ പ്രധാന സംഭവങ്ങൾ, പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് | ഓരോ term ലും ഒന്ന് | Mal: trs |

ഠ ,

| | | |
|---|---|---|
| പഠിതാക്കളുടെ സർഗശേഷി, കലാവാസന വളർത്തൽ | സാഹിത്യകാരൻമാർ, ചിത്രകാരൻമാർ, കലാകാരൻമാർ എന്നിവരുമായി അഭിമുഖം സംഭാഷണവും, സംവാദങ്ങളും നടത്തുക വഴി സാഹിത്യ കൃതികളോടുള്ള അനുകൂല മനോഭാവം വളർത്തുന്നു<br>• ലഘുനാടകങ്ങൾ പ്രാദേശികമായി സംഘടിപ്പിച്ച് അവതരിപ്പിക്കുന്നു<br>• ശില്പശാലകൾ സംഘടിപ്പിക്കുന്നു | വർക്കത്തിൽ Mal tr, ഭരണപരവും HM, PTA |
| • മലയാളം കമ്പ്യൂട്ടറിംഗ് പഠിക്കുന്നു. നേടി എഴുത്തിലും സർഗാത്മക ശേഷി വളർത്തലിനും | Computer പരിശീലനം നൽകുന്നു - കുട്ടികളുടെ സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് Magazine തയ്യാറാക്കുന്നു | " " |
| • കുട്ടികളെ കൊണ്ട് school F.M അവതരിപ്പിക്കുന്നു | സ്കൂളിലെ പ്രധാന സംഭവങ്ങൾ വാർത്തയാക്കുന്നു. വിവിധ രംഗ-ങ്ങളിൽ മികവ് തെളിയിച്ച കുട്ടി-കളുമായി അഭിമുഖം. കുട്ടികൾ വാർത്ത പ്രക്ഷേപണത്തിന്റെ അനുഭവ-ം - വാർത്താ വായന നടത്തുന്നു | Mal tr, വിവിധ Class leader ... |

# Std: 7 Social Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹികശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങൾ, അറിവുകൾ എന്നിവ പരിചയിക്കൽ, നേടിയെടുക്കൽ | - മുന്നറിവ് പരിശോധിക്കുന്നതിനായി ഇന്ത്യയുടെ രൂപടം വരച്ച് ഓരോ States ഉം അടയാളപ്പെടുത്തുന്നു<br>- തുടർന്ന് തലസ്ഥാനങ്ങൾ പട്ടികപ്പെടുത്തുന്നു<br>- ഇന്ത്യ അയൽരാജ്യങ്ങൾ, നദികൾ തലസ്ഥാനം വൈവിധ്യം തിട്ടപ്പെടുത്തി [illegible] വിവരം ഉൾക്കൊള്ളിച്ചുകൊണ്ട് [illegible] ഒരു memory test നടത്തുന്നു | June മാസം | Social science teacher | |
| 2 കുട്ടികളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുന്നതിന് വേണ്ടി | സ്കൂളിന്റെ ചരിത്രം എഴുത പ്രധാനപ്പെട്ട വ്യക്തികൾ, സ്ഥലങ്ങൾ, വൈവിധ്യങ്ങൾ എന്നിവയുടെ video പ്രദർശനം | June മാസം | Social science teacher | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടാൻ വേണ്ടി | ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നതിന് [illegible] ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുക്കുക. | | | |

| | | | |
|---|---|---|---|
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി സ്വയം രക്ഷപ്പെടുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനും | വെള്ളപ്പൊക്കം ഉരുൾപൊട്ടൽ ഭൂകമ്പം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ ഭീതി ജനകമായ ദൃശ്യങ്ങൾ, പത്രവാർത്ത Video തുടങ്ങിയ മാധ്യമങ്ങളിലൂടെ അതിന്റെ തീവ്രത മനസ്സിലാക്കുന്നു. അതിന് വിദഗ്ധ ഉദ്യോഗസ്ഥരുടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുന്നു. രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (അദ്ധ്യാപികമാർ Expert മാർ) | അദ്ധ്യാപികമാർ | Social science tr. |
| പരസ്പര സഹകരണത്തിന്റെ പ്രാധാന്യം | സമീപ പ്രദേശത്തുള്ള പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരയായ വ്യക്തികൾക്ക് ആവശ്യമായ സഹായം നൽകുക | അദ്ധ്യാപകരും | Social science PTA Club |
| ഡിജിറ്റൽ ഉപകരണങ്ങളുടെ / Social media അമിത ഉപയോഗം / തെറ്റായ രീതിയിലുള്ള ഉപയോഗം സൃഷ്ടിക്കുന്ന ദോഷങ്ങൾ<br>- റോഡ് സുരക്ഷ | വിദഗ്ധരെ ഉൾപ്പെടുത്തി Parents, കുട്ടികൾക്കും ബോധവൽക്കരണ class (Traffic police Cyber ~~cell~~ സുരക്ഷ ഉദ്യോഗസ്ഥർ) | " | Social science tr. |

# UP ACADEMIC MASTER PLAN Class : V ENGLISH

| Objectives | Activities | Duration | Assignment | Funding |
|---|---|---|---|---|
| Promoting active listening skills and understanding | Begin with a simple "telephone game." Whisper a sentence into one ambassador's ear and have them pass it on until it reaches the last students . Compare the final sentence with the original. Discuss how listening carefully affects the accuracy of information. | June – English class time | English teachers / English club | |
| To improve students' ' pronunciation skills by providing strategies and practice activities. • To correct commonly mispronounced words, to enhance effective communication | **Vowel Sound Bingo:** Provide each student with a Bingo card filled with words containing different vowel sounds. Call out words randomly, and ambassadors must correctly pronounce the word to mark it on their cards. The first student to get a Bingo (a complete row, column, or diagonal) wins a small prize | July- August English period | English club convenor | |
| | - **Let us read aloud**: Select a short, engaging text- whether a poem, short story, speech, or articlethat suits ambassadors' interest. Divide the students into 4 groups and assign each member in each group a specific role. | August | English teacher In club activities | |
| | **I too can !** arrange different kind of reading cards and make them read loudly from simpler to complex. | September | English club | |
| 2 . To develop students' diary writing skills in a personal and reflective manner. | Take the students for a nature walk outside the class. Instruct them to take their note book and pen. Encourage them to observe their surroundings using all their senses. Once back in the class, ask the students to sit in pairs and share their experience to each other. Ask them to write a diary entry individually inspired by their nature walk experience. | September – October Once in a month | English teacher | |
| | **My most treasured memory** : Arrange the students in a circle, with a chair in the center. Choose one student to start, by sitting in the chair. Ask him/her to share his/her happiest moments in life, speaking from the heart and using clear language. Set a timer for 2-3 minutes, allowing them to share without interruption. Allow them to scribble it . | October Once in one term | English club | |

| Objectives | Activities | Duration | Assignment | Funding |
|---|---|---|---|---|
| 3. To develop the story telling skills of the students to enhance the speaking skills . | **Extended story telling:** The entry part of the story is introducing the students. Let everyone to imagine and extend the story in their own way. | December – January | English teacher | |
| | **Reader of the month:** provide the English news paper to the students . invite them for loud reading and select reader of the month | January Once in 2 month. | English teacher | |
| | **Describing a person** : students are invited to describe their most favorite person using adjectives. | End of January (English period ) | English teacher | |
| 4. To develop skills in writing poems. | **Writing poems** : The mentor starts by playing a fun rhyming song or video, like "Row, Row, Row 81 Your Boat," and encourages everyone to sing along, repeating the lines together. Ask them to add more lines to it in a same rhythmic way. | February English period | English teacher | |
| 5. To integrate and apply skills from English class by creating a personal storybook that combines visual, emotional, and narrative elements | **Emotional Storybook Project :** Students s will create a storybook that captures their favorite place, happiest moment, a sad incident, and various emotions. The storybook will include visual art, written narratives, and reflections, tying together their experiences and insights from the sessions. | February Once | English teacher | |
| | **English reels:** ask the students to record some video connected with their English classroom. | Towards the end of February | English teacher | |

कक्षा : 5

विषय : हिंदी

| क्रम संख्या | पाठ का नाम | अधिगम उद्देश्य | गतिविधियाँ | उपज | आकलन | सहयोग | अवधि |
|---|---|---|---|---|---|---|---|
| 1 | धूप आ गई | • हिंदी सुनकर समझने में और प्रतिक्रिया करने में आत्मविश्वास प्राप्त कराना। | • तैयारी : प्रवेश प्रक्रिया<br>• ग्रूपिंग | | | अध्यापक | जून |
| | | • हिंदी गीत का आस्वादन करने की क्षमता प्राप्त कराना। | • धम्मक धम्मक आता हाथी - कविता की प्रस्तुति | | | अध्यापक | जून |
| | (कविता) | • हिंदी गीत ताल लय के साथ अलाप करने की क्षमता प्राप्त कराना। | कविता का ताल - लय के साथ आलापन करना | | | | |
| | | • छात्रों का अपना नाम, कक्षा, स्कूल आदि हिंदी लिखावट से परिचय प्राप्त कराना। | अपना नाम - परिचय | नामकार्ड | आपसी आकलन<br>अ. का आकलन | अध्यापक | जून |
| | | • चित्रवाचन करके प्रतिक्रिया करने की क्षमता प्राप्त कराना। | चित्र वाचन<br>चित्र खींचना<br>चित्र में रंग देना | चित्र | अ. का आकलन | अध्यापक | जून |
| | | • कविता सुन - पढ़कर आस्वादन करने की क्षमता प्राप्त कराना। | कविता प्रस्तुति | | | | |
| | | • कविता की कोरियोग्राफी में भाग लेने की क्षमता प्राप्त कराना। | कोरियोग्राफी | | अ. का आकलन | | जुलाई |
| | | • पर्यावरण संरक्षण के बारे में जानकारी देना। | कविता की प्रस्तुति (पेड़ के बारे में)<br>चित्र खींचना | चित्र | अ. का आकलन | हिंदी मंच<br>अध्यापक | जून |
| | धूप आ गई | • चित्र खींचने और रंग देने में दक्षता बढ़ाना। | रंग भरें - प्रक्रिया<br>शब्द पहचानें रेखांकित करें | चित्र | अ. का आकलन<br>अ. का आकलन | हिंदी अध्यापक | जुलाई |

कक्षा : 5

विषय : हिंदी

| क्रम संख्या | पाठ का नाम | अधिगम उद्देश्य | गतिविधियाँ | उपज | आकलन | सहयोग | अवधि |
|---|---|---|---|---|---|---|---|
| 2 | टोमी और मैं (कहानी) | • कहानी का आस्वादन करने की क्षमता बढ़ाना। | आख्यान प्रस्तुति | | | अध्यापक | जुलाई |
| | | • चित्रों के सहारे कहानी का आशय समझने की दक्षता प्राप्त कराना। | कहानी का चित्रवाचन कहानी वाचन | | स्व आकलन अ. का आकलन | ~~स्व आकलन~~ अध्यापक | जुलाई |
| | प्रेमचंद जयंती | • प्रेमचंद के बारे में जानकारी देना। | पुस्तक प्रदर्शनी चित्र खींचना (प्रेमचंद का) | चित्र | अ. का आकलन | हिंदी मंच अध्यापक | जुलाई |
| 3 | पिल्ला (कविता) | • ताल लय के साथ कविता का आलाप करने की क्षमता बढ़ाना। | कवितालाप/प्रस्तुति | | दलों का आकलन | अध्यापक | आगस्त |
| | | • कविता में ताल युक्त पंक्तियाँ जोड़ने की दक्षता प्राप्त करना। | कविता के साथ पंक्तियाँ जोड़ना। | कविता | अ. का आकलन | अध्यापक | आगस्त |
| | | | | | अ. का आकलन | अध्यापक | अगस्त |
| 4 | चिड़िया का घर (कविता) | • चित्र वाचन करके आशय प्रकट करने की क्षमता बढ़ाना | चित्र वाचन | | अ. का आकलन | अध्यापक | अगस्त |
| | | • बालगीत का आस्वादन करने की क्षमता बढ़ाना। ताल - लय के साथ आलाप करने की क्षमता बढ़ाना। | कविता वाचन / आलापन | | आपसी आकलन अध्यापक का आकलन | अध्यापक | अगस्त |
| | | • चित्र देखकर समान आशय-वाली पंक्तियाँ समझने की क्षमता प्राप्त करना। | शब्द लेखन वाक्य लेखन | शब्द वाक्य | | | |
| | स्वतंत्रता दिवस | • देश के बारे में अधिक जानकारी देना। | • देश भक्ति गीत गाना • चित्र खींचना (झंडा) | चित्र | अ. का आकलन | हिंदी मंच अध्यापक | अगस्त |

कक्षा : 7

विषय : हिंदी

| क्रम संख्या | पाठ का नाम | अधिगम उद्देश्य | गतिविधियाँ | उपज | आकलन | सहयोग | अवधि |
|---|---|---|---|---|---|---|---|
| 1. | प्यार | • निर्देश सुनकर अभिनय करने की क्षमता बढ़ाना। | भाषाई खेल | | अ. का आकलन | अध्यापक | जून |
| | | • चित्रवाचन करके आशयग्रहण करने की अवधारणा बढ़ाना। | चित्रवाचन | | अ. का आकलन | अध्यापक | जून |
| 2. | खुद से प्यार (कविता) | • कविता पढ़कर आशयग्रहण करने की धारणा प्राप्त करना। • ताल-लय के साथ कविता का आलाप करने की क्षमता बढ़ाना। | कविता का वाचन एवं तालयुक्त आलाप | | स्व आकलन आपसी आकलन अ. का आकलन | अध्यापक | जून |
| | | • कविता का दृश्याभास करने की क्षमता बढ़ाना। | कविता का दृश्याभास | | स्व. आकलन अ. का आकलन | अध्यापक | जून |
| | | • कविता का आशय लिखने की अवधारणा प्राप्त करना। | कविता का आशय-लेखन | कविता का आशय | स्व आकलन आपसी आकलन अध्यापक का आकलन | अध्यापक | जून |
| 3 | साफ़-सफाई में अव्वल गाँव (लेख) | • लेख का वाचन और विश्लेषण करने की क्षमता बढ़ाना और आशय समझना। | लेख का वाचन | | अ. का आकलन दलों में आकलन | अध्यापक | जून |
| | | • संदेश देनेवाले पोस्टर तैयार करने की क्षमता बढ़ाना। | पोस्टर तैयार करना | पोस्टर | स्व आकलन आपसी आकलन अ. का आकलन | अध्यापक | जून |
| | | पर्यावरण संरक्षण के बारे में जानकारी देना। | पोस्टर रचना प्रतियोगिता | पोस्टर | अ. का आकलन | अध्यापक हिंदी मंच | जून |
| | | • वाचन के महत्व के बारे में जानकारी देना। | वाचन प्रतियोगिता, श्रुतलेखन प्रतियोगिता पोस्टर रचना प्रतियोगिता | पोस्टर | अ. का आकलन | अध्यापक हिंदी मंच | जून |

ക്ലാസ് 5 Mathematics

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| * ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ചതുഷ്ക്രിയകൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. കുട്ടികൾക്ക് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നു. | ആഴ്ചയിൽ ഒരു പിരീഡ്. | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |
| * ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി | ഐ.ടി സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ, ടാൻഗ്രാം | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രയോജനപ്പെടുത്തുന്നു. | ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കാൻ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം. | ഗണിത അധ്യാപകൻ | |
| * ഗണിതം മധുരമാക്കൽ | <u>ഗണിതപാർക്ക്</u><br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യ | ഗണിത ക്ലബ്ബിലെ അംഗങ്ങൾ, അധ്യാപകർ | പി.ടി.എ |
| * വിവിധ തരത്തിലുള്ള ജ്യാമിതീയ പാറ്റേണുകൾ വരയ്ക്കാൻ കഴിയുന്നു. | <u>എക്സിബിഷൻ</u><br>കുട്ടികൾ നിർമ്മിച്ച ജ്യാമിതീയ പാറ്റേണുകളുടെ ക്ലാസ്തല പ്രദർശനം നടത്തുന്നു. | ജൂൺ | ഗണിത അധ്യാപകരും കുട്ടികളും. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഗുണനരീതികൾ പരിചയപ്പെടുത്തുന്നു. | * ഗുണനപട്ടിക നിർമ്മാണം<br>* നിത്യജീവിതത്തിലെ ഗുണനം ചിത്രീകരണ പ്രവർത്തനങ്ങൾ<br>* multiplication wheel നിർമ്മാണം. | ജൂലൈ – ആഗസ്റ്റ് | ഗണിത അധ്യാപകരും കുട്ടികളും. | |
| * വിവിധ ആരങ്ങളിലുള്ള വൃത്തം വരയ്ക്കാൻ കഴിയുന്നു. | * ഒന്നിലധികം വൃത്തങ്ങൾ വരച്ച് പുതിയ ജ്യാമിതീയ രൂപങ്ങൾ വരയ്ക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>* വരയ്ക്കുന്ന ജ്യാമിതീയ രൂപങ്ങൾക്ക് വിവിധതരം നിറങ്ങൾ നൽകി ആകർഷകമാക്കുന്നു. | ജൂൺ | കുട്ടികൾ | |

# UP Academic Master Plan

Class: 5

Subject: Social S...

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ... |
|---|---|---|---|---|
| • സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | **നമ്മുടെ നുറുങ്ങുവെട്ടം**<br>ശിശുദിനത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച പഠന സാമഗ്രികൾ ദുരിതബാധിത പ്രദേശങ്ങളിൽ ആശ്വാസമെത്തിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| • പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ… വിഭ… |
| --- | --- | --- | --- | --- |
| • സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | പുതു ചക്രവാളത്തിലേക്ക്<br>മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

कक्षा : 6 विषय : हिंदी

| क्रम संख्या | पाठ का नाम अधिगम उद्देश्य | अधिगम उद्देश्य | गतिविधियाँ | उपज | आकलन | सहयोग | अवधि |
|---|---|---|---|---|---|---|---|
| 1 | नीली चिड़िया | • चित्रवाचन : विश्लेषण और आशय ग्रहण करने की क्षमता प्राप्त करना। | चित्र वाचन | | अ. का आकलन | अध्यापक | जून |
| | | • कविता सुन-पढ़कर आस्वादन करने की क्षमता प्राप्त करना। | कविता प्रस्तुति | | | | |
| | | • कविता का आशय ग्रहण करने की क्षमता प्राप्त करना। | कविता का आशय ग्रहण | | स्व आकलन<br>अ. का आकलन | अध्यापक | जून |
| | | • कविता ताल-लय के साथ आलाप करने की क्षमता प्राप्त करना | कविता का वाचन एवं तालयुक्त आलाप | | स्व आकलन<br>आपसी आकलन<br>अ. का आकलन | अध्यापक | जून |
| | (कविता) | • समान आशयवाली पंक्तियाँ ढूँढकर लिखने की क्षमता प्राप्त करना। | समान आशयवाली पंक्तियाँ ढूँढकर लिखना | | स्व आकलन<br>अ. का आकलन | अध्यापक | जून |
| | | • कविता लिखने की क्षमता प्राप्त कराना। | कविता लिखना। | कविता | स्व आकलन<br>आपसी आकलन<br>अ. का आकलन | अध्यापक | जून |
| | | • चित्र देखकर वाक्य लिखने की क्षमता प्राप्त करना। | चित्र देखकर वाक्य लिखना। | वाक्य | स्व आकलन<br>आपसी आकलन<br>अ. का आकलन | अध्यापक | जून |
| | | • नमूना देखकर स्वतंत्र वाक्य लिखने की क्षमता प्राप्त कराना। | नमूने के अनुसार वाक्य लिखना। | वाक्य | स्व आकलन<br>आपसी आकलन<br>अ. का आकलन | अध्यापक | जून |
| | | • विशेष प्रयोगवाले पदों को चुनकर लिखने की क्षमता प्राप्त कराना।<br>• विशेष प्रयोगवाले पदों को लिखने की क्षमता प्राप्त कराना। | विशेष प्रयोगवाले शब्द चुनकर लिखना।<br>विशेष प्रयोगवाले शब्द लिखना। | विशेष प्रयोगवाले शब्द<br>" " | स्व आकलन<br>आपसी आकलन<br>अ. का आकलन | अध्यापक | जून |

कक्षा : 6

विषय : हिंदी

| क्रम संख्या | पाठ का नाम | अधिगम उद्देश्य | गतिविधियाँ | उपज | आकलन | सहयोग | अवधि |
|---|---|---|---|---|---|---|---|
| | पर्यावरण दिन | • पर्यावरण संरक्षण के बारे में अधिक जानकारी देना। | कविता की प्रस्तुति (पेड़ के बारे में) पोस्टर तैयार करना | पोस्टर | अ. का आकलन | हिंदी मंच अध्यापक | जून |
| | वाचन दिन | • वाचन का महत्व के बारे में अधिक जानकारी देना। | वाचन कार्ड का वाचन पोस्टर तैयार करना | पोस्टर | अ. का आकलन | हिंदी मंच अध्यापक | जून |
| 2 | रू रू | • चित्र वाचन की क्षमता प्राप्त करना | चित्र वाचन | | अ. का आकलन | | जुलाई |
| | | • कहानी पढ़कर अपरिचित शब्दों का अर्थ ढूँढकर आशय समझना। | कहानी का वाचन | | स्व आकलन<br>आपसी आकलन<br>अ. का आकलन | अध्यापक | जुलाई |
| | | • आशय ग्रहण एवं विश्लेषणात्मक प्रश्नों की सहायता से कहानी का आशय समझना। | कहानी का आशयग्रहण | | स्व आकलन<br>अ. का आकलन | अध्यापक | जुलाई |
| | | • चित्र को सही वाक्य से जोड़ने की क्षमता प्राप्त करना। | सही वाक्य जोड़ना | | स्व आकलन<br>आपसी आकलन<br>अ. का आकलन | अध्यापक | जुलाई |
| | | • कहानी की घटनाओं को पढ़कर क्रम से लिखने की क्षमता प्राप्त करना। | क्रम से लिखना | वाक्य | स्व आकलन<br>आपसी आकलन<br>अ. का आकलन | अध्यापक | जुलाई |
| | | • कहानी से वार्तालाप लिखने की क्षमता प्राप्त करना। | बातचीत आगे बढ़ाएँ | वार्तालाप | स्व आकलन<br>आपसी आकलन<br>अ. का आकलन | अध्यापक | जुलाई |
| | | • भावात्मक शैली से कहानी को आगे बढ़ाने की क्षमता प्राप्त करना। | कहानी आगे बढ़ाएँ | कहानी | स्व आकलन<br>आपसी आकलन<br>अ. का आकलन | अध्यापक | जुलाई |

कक्षा : 6

विषय : हिंदी

| क्रम संख्या | पाठ का नाम | अधिगम उद्देश्य | गतिविधियाँ | उपज | आकलन | सहयोग | अवधि |
|---|---|---|---|---|---|---|---|
| 2 | रू रू | • विवरण तैयार करने की क्षमता प्राप्त करना । | क्या - क्या देखे | विवरण | स्व आकलन<br>आपसी आकलन<br>अ. का आकलन | अध्यापक | जुलाई |
| | | • पोस्टर तैयार करने की क्षमता प्राप्त करना । | पोस्टर तैयार करें | पोस्टर | स्व आकलन<br>आपसी आकलन<br>अ. का आकलन | अध्यापक | जुलाई |
| | | • प्रेमचंद जयंती के बारे में अधिक जानकारी देना । | पुस्तक प्रदर्शनी<br>पोस्टर रचना<br>चित्र खींचना<br>(प्रेमचंद का) | पोस्टर<br>चित्र | अ. का आकलन | हिंदी मंच<br>अध्यापक | जुलाई |

**UP ACADEMIC MASTER PLAN    Class : VI (English)**

| Objectives | Activities | Duration | Assignment | Funding |
|---|---|---|---|---|
| 1. Engage the students in active listening and creative reading. | **Lend your ears:** Let the students to listen to simple and funny English podcasts. Ask the students to answer the following questions. | June – July During English period | English teachers / English club | |
| | **Follow Me If You Can!** Let the students to do things according to the instructions given by the group leaders in the presence of teacher | July- August English period | English club convenor | |
| | **Breaking News** : Make the students to read the English news or let them listen the news recordings. Ask them to listen correct pronunciation and accent. | August | English teacher In club activities | |
